# അറിവും സാമൂഹിക പ്രവർത്തനവും

ഡോ. നിസാർ അഹമ്മദ്




സാമൂഹികപ്രവർത്തനം എന്ന ആശയത്തിൽ തന്നെ ഒരു അവ്യക്തത ഉണ്ട്. അത് രാഷ്ട്രീയ പ്രവർത്തനമാണോ? Social Work എന്നാണോ Social Action എന്നാണോ ഉദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ച് വ്യക്തതയില്ലായ്മയുണ്ട്. രാഷ്ട്രീയ പ്രവർത്തനത്തെയും, പൗരസമൂഹത്തിലുള്ള നമ്മുടെ ഇടപെടലുകളെയും സാമൂഹികപ്രവർത്തനമായി കരുതാം. പ്രധാനമായും രണ്ട് ദിശയിലേക്കാണ് ഇത്തരം പ്രവർത്തനങ്ങൾ പോകുന്നത്. ഒന്ന്: അതിന് ഒരു സ്റ്റേറ്റിസ്റ്റ് സമീപനമുണ്ടാകാം. സ്റ്റേറ്റിസ്റ്റ് സമീപനമെന്നാൽ പ്രവർത്തനങ്ങൾ അധികാരത്തിൽ എത്താൻ വേണ്ടിയുള്ള അല്ലെങ്കിൽ അധികാരത്തിലെത്തിയാൽ എന്തെല്ലാം ചെയ്യണമെന്ന കാഴ്ചപ്പാടോടുകൂടിയതാണ്. ഭരണവ്യവസ്ഥയിൽ പങ്കാളികളായിക്കൊണ്ട് അല്ലെങ്കിൽ ഭരണവ്യവസ്ഥയിൽ അധികാരം കൈയാളിക്കൊണ്ട് നടത്തുന്ന സാമൂഹികപ്രവർത്തനം ഒരു ഭാഗത്തുണ്ട്. മറ്റൊന്ന് അധികാരം ലക്ഷ്യമാക്കാത്ത സാമൂഹികപ്രവർത്തനമാണ്. സിവിൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഈ രീതിയിൽ കാണാം. സാമൂഹികപ്രവർത്തനത്തെക്കുറിച്ച് പറയുമ്പോൾ അത് എന്തിനെ ലക്ഷ്യമാക്കുന്നു എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കോർപറേറ്റുകളും സാമൂഹിക പ്രവർത്തനം നടത്തുന്നുണ്ട്. പൗരസമൂഹവും രാഷ്ട്രീയ പാർട്ടികളും സാമൂഹിക പ്രവർത്തനം എങ്ങിനെ മെച്ചപ്പെടുത്താം എന്ന് ചിന്തിക്കുമ്പോൾ ആരാണ് എന്ത് ലക്ഷ്യമാണ് അവയ്ക്കുള്ളത് എന്നത് പ്രധാനമാണ്. അധികാരത്തെ ലക്ഷ്യമാക്കിയുള്ള സാമൂഹിക പ്രവർത്തനം സ്റ്റേറ്റിസ്റ്റ് ആണ്. NGO കൾ (നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസ്) അതിലെ നോൺ എന്ന വിശേഷണം ഭരണേതരമായ ഇടപെടലിനെയാണ് വിവക്ഷിക്കുന്നത്. എന്നാൽ സിവിൽ സൊസൈറ്റി നടത്തുന്ന സാമൂഹികപ്രവർത്തനത്തിലൂടെ ഭരണവ്യവസ്ഥയിൽ മാറ്റമുണ്ടാകാത്തതുകൊണ്ടാകാം അവയിൽ പലതും പിന്നീട് രാഷ്ട്രീയ അധികാരത്തെ ലക്ഷ്യമാക്കി സാമൂഹിക പ്രവർത്തനം നടത്തുന്നത്. അധികാരം കിട്ടുന്ന സമയത്ത് അല്ലെങ്കിൽ സാമൂഹിക പ്രവർത്തനം നടത്തുന്നവർ അധികാരത്തിലെത്തുന്ന സമയത്ത് പ്രയോഗത്തിൽ വരുത്തുന്ന അറിവ് സ്റ്റേറ്റിന്റേതാണ്. സ്റ്റേറ്റ് പ്രയോഗിക്കുന്നു എന്ന് പറഞ്ഞാൽ ബലം പ്രയോഗിക്കുന്നു എന്നാണ് അർത്ഥം. സാമൂഹികപ്രവർത്തകർ സ്റ്റേറ്റിസ്റ്റ് കാഴ്ചപ്പാടിൽ പ്രവർത്തിക്കുമ്പോൾ അധികാരത്തിൽ എത്തിക്കഴിഞ്ഞാൽ ഒരു പരിപാടി ഏത് വിധത്തിലാണ് നടപ്പാക്കേണ്ടത് എന്ന തരത്തിലുള്ള അറിവാണ് അവർ രൂപപ്പെടുത്തുന്നത്.

മറ്റൊരു തരത്തിലുള്ള സാമൂഹിക പ്രവർത്തനം സാധ്യമായിട്ടുള്ളത് പൗരസമൂഹത്തിന്റേതാണ്. അവർ ഭരണത്തെ ലക്ഷ്യമാക്കുന്ന രീതിയിലല്ല സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടുന്നത്. ഭരണവ്യവസ്ഥയുമായി ബന്ധപ്പെട്ട് സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങളും അതിലുണ്ടാകുന്ന ചില പ്രതിസന്ധികളും തങ്ങളെ ബാധിക്കുന്ന സമയത്ത് സമൂഹത്തിലെ ഓരോ വിഭാഗവും ജനാധിപത്യപരമായി ഇടപെടാനായി നിർമ്മിച്ചുകൊണ്ടിരിക്കുന്നതാണ് സിവിൽ സമൂഹം. പൊതുസമൂഹത്തെ അല്ലെങ്കിൽ ഭരണവർഗ്ഗത്തെ ഈ പ്രശ്നങ്ങൾ അറിയിക്കുകയും നിർദ്ദേശങ്ങൾ വെയ്ക്കുകയുമാണ് ചെയ്യാനുള്ളത്. മാധ്യമങ്ങൾ വിവരം ജനസമക്ഷം അവതരിപ്പിക്കുന്നതു പോലെ തന്നെയാണ് അത്. ഫോർത്ത് എസ്റ്റേറ്റിന് സമാനമായിട്ടാണ് സിവിൽ സമൂഹവും പ്രവർത്തിക്കുന്നത്. ഇത്തരം സാമൂഹികപ്രവർത്തനത്തിന് വേണ്ടിയുള്ള അറിവ്, അങ്ങിനെയെന്നുണ്ടോ? മറ്റൊരു തരത്തിൽ രാഷ്ട്രീയ അധികാരത്തെ ലക്ഷ്യമാക്കിയുള്ള സാമൂഹിക പ്രവർത്തനങ്ങളിൽ അറിവ് എന്തായിരിക്കും? ഈ രണ്ട് തരത്തി

ലുള്ള പ്രവർത്തനത്തിലും അറിവിന്റെ ധർമ്മം വളരെ വ്യത്യസ്തമാണെന്നാണ് എനിക്ക് തോന്നുന്നത്.

കോർപറേറ്റുകൾ നടത്തുന്ന സാമൂഹിക പ്രവർത്തനം പഴയ ക്യാപിറ്റലിസ്റ്റുകൾ നടത്തുന്നതുപോലെയുള്ള ഒന്നല്ല. അവർ സോഷ്യൽ റെസ്പോൺസിബിലിറ്റി ഏറ്റെടുക്കുന്നുണ്ട്. സമൂഹത്തെ പുനർനിർമ്മിക്കുക എന്ന തരത്തിലുള്ള റോൾ ഇപ്പോളവരെടുക്കുന്നുണ്ട്. നമ്മൾ പരമ്പരാഗതമായി അറിയുന്ന സ്റ്റേറ്റ് എന്ന ഭരണവ്യവസ്ഥ ദുർബലമായിക്കൊണ്ടിരിക്കുകയാണ്. സമ്പദ്‌വ്യവസ്ഥയിലൂടെ കോർപറേറ്റുകൾക്ക് സാമൂഹിക മനഃസ്ഥിതിയിൽ കൂടുതൽ സ്വാധീനം വന്നുതുടങ്ങി. അത്തരത്തിൽ അവർ നടത്തുന്ന സാമൂഹിക പ്രവർത്തനത്തിനും അറിവ് അത്യാവശ്യമാണ്.

സ്റ്റേറ്റിസ്റ്റ് കാഴ്ചപ്പാടിൽ നോക്കുകയാണെങ്കിൽ നിങ്ങൾക്ക് അധികാരമുണ്ടെങ്കിൽ ഈ അറിവിന് വലിയ പ്രസക്തിയില്ല. നമുക്ക് അബദ്ധങ്ങൾ വരുത്താം, അധികാരമുണ്ടായാൽ അബദ്ധങ്ങൾ തിരുത്തുകയുമാകാം. അധികാരത്തെ ലക്ഷ്യമാക്കിയുള്ള സാമൂഹിക പ്രവർത്തനത്തിൽ വേണ്ട അറിവിനെയും അല്ലാതെയുള്ള സാമൂഹിക പ്രവർത്തനത്തിൽ വേണ്ട അറിവിനെയും രണ്ടായി തിരിച്ചറിയാൻ കഴിയണം.

സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടുന്ന സമയത്ത് എന്ത് അറിവ് വച്ചാണ് പ്രവർത്തിക്കേണ്ടത് ? എന്താണ് അതിന്റെ മുൻവ്യവസ്ഥ എന്നത് പ്രധാനപ്പെട്ട ചോദ്യമാണ്. എന്ത് തരത്തിലുള്ള അറിവാണ് ആർജ്ജിക്കേണ്ടത്? ഏത് തരത്തിലുള്ള സാമൂഹികപ്രവർത്തനത്തിലായാലും പരിഗണിക്കപ്പെടേണ്ട ചില ചോദ്യങ്ങളാണിവ. അറിവ് എന്നത് ആലങ്കാരികമായ ഒരു കാര്യം മാത്രമല്ല, പ്രായോഗിക പ്രവർത്തനവുമായി വളരെയധികം ബന്ധപ്പെട്ടതാണ്. ഇത് പരിശോധിക്കുകയാണെങ്കിൽ മൂന്നു വശങ്ങളാണ് നമ്മുടെ മുമ്പിൽ തെളിയുന്നത്. ഒന്ന് ഒരു വ്യവസ്ഥ അതിന്റെ വിശദാംശങ്ങളിൽ എന്താണ്? ഒരു പ്രശ്നത്തെ അവലംബിച്ചാണ് നമ്മൾ

**സാമൂഹിക പ്രവർത്തനത്തിൽ ആവശ്യമായി വരുന്ന അറിവിനെ കുറിച്ച് പറയുകയാണെങ്കിൽ അത് സത്യസന്ധമായിരിക്കണം. അല്ലാതെ അഭിപ്രായങ്ങളാകരുത്. നിങ്ങൾക്ക് പലതുമറിയാമായിരിക്കാം. ഉദാഹരണത്തിന് കോർപറേറ്റുകൾ വഞ്ചിക്കുന്നുണ്ടെന്ന് നിങ്ങൾ പറയുന്നത് ശരിയായിരിക്കാം. പക്ഷെ അത് ഒരു അഭിപ്രായം ആണ്. നിങ്ങൾ അറിയുന്ന ഒന്നല്ല. ശരിക്കും വേണ്ടത് കാര്യങ്ങൾ കണ്ട്, ആരാഞ്ഞ് മനസിലാക്കുന്ന തരത്തിലുള്ള അറിവാണ്. കൂടാതെ എങ്ങിനെയാണ് ഈ വ്യവസ്ഥ നിലനിൽക്കുന്നത്. ഈ പ്രശ്നമുണ്ടാകാൻ നിലവിൽ എന്ത് കാരണമാണ് വ്യവസ്ഥയിൽ ഉള്ളത് എന്നെല്ലാം അറിയേണ്ടതും അത്യാവശ്യമാണ്.**

പ്രവർത്തിക്കുന്നതെങ്കിൽ എന്ത് തരത്തിലുള്ള അറിവാണ് വേണ്ടത് എന്ന് ചോദിച്ചാൽ ആ പ്രശ്നത്തെകുറിച്ചുള്ള വിശദാംശങ്ങളാണ് ഏറ്റവും പ്രധാനമായി വേണ്ട അറിവ്. ഒരു പ്രത്യേക സ്ഥലത്ത് ഏറെ ആളുകൾ അവർക്ക് മറികടക്കേണ്ട വളരെ പ്രാധാന്യമുള്ള ഒരു പ്രശ്നത്തെ അഭിമുഖീകരിക്കുന്നു. അതിനെ മറികടക്കാനാണ് അവർ ശ്രമിക്കുന്നത്. ഗവൺമെന്റ് ഒന്നും ശ്രദ്ധിക്കുന്നതേയില്ല എന്നു വെയ്ക്കുക. അപ്പോൾ അവർക്ക് ഒരു പ്രത്യേക രീതിയിൽ പ്രവർത്തിക്കേണ്ടതായി വരും. അപ്പോൾ പ്രശ്നത്തെ സംബന്ധിച്ച കുറെ വിശദാംശങ്ങളെ അവർക്ക് അഭിമുഖീകരിക്കേണ്ടതായി വരും. ഗവേഷണത്തിലൂടെ തിരിച്ചറിയേണ്ട കാര്യങ്ങൾ നമുക്ക് മുന്നിൽ വരും. ആ പ്രശ്നത്തിലേക്ക് ഇറങ്ങിച്ചെല്ലാതെ അഭിപ്രായങ്ങളിലൂടെ നമുക്ക് ഈ അറിവ് ഉണ്ടാക്കിയെടുക്കാൻ കഴിയുകയില്ല. പ്രശ്നത്തെ നേരിടുമ്പോൾ തന്നെയായിരിക്കും പലപ്പോഴും ഈ അറിവുമായി മുന്നോട്ട് പോകേണ്ടി വരുന്നത്. അഭിപ്രായങ്ങളിൽ നിന്നുമുണ്ടാക്കാൻ കഴിയുന്നതല്ല ഈ അറിവ്, കാരണം അഭിപ്രായവും സത്യവും തമ്മിൽ പലപ്പോഴും വലിയ വ്യത്യാസങ്ങൾ ഉണ്ടാകാം. നിങ്ങളുടെ അഭിപ്രായം സത്യമാകാം പക്ഷെ നിങ്ങൾക്കതറിയണമെന്നില്ല. ഒരാൾ ഭൂമി ഉരുണ്ടതാണെന്നു പറയുന്നു. നിങ്ങൾ വിശ്വസിക്കുന്നു. പക്ഷെ പറയുന്ന ആൾക്ക് തെളിവുണ്ടാവാം. നിങ്ങൾക്ക് കാണില്ല. സാമൂഹിക പ്രവർത്തനത്തിൽ ആവശ്യമായി വരുന്ന അറിവിനെ കുറിച്ച് പറയുകയാണെങ്കിൽ അത് സത്യസന്ധമായിരിക്കണം. അല്ലാതെ അഭിപ്രായങ്ങളാകരുത്. നിങ്ങൾക്ക് പലതുമറിയാമായിരിക്കാം. ഉദാഹരണത്തിന് കോർപറേറ്റുകൾ വഞ്ചിക്കുന്നുണ്ടെന്ന് നിങ്ങൾ പറയുന്നത് ശരിയായിരിക്കാം. പക്ഷെ അത് ഒരു അഭിപ്രായം ആണ്. നിങ്ങൾ അറിയുന്ന ഒന്നല്ല. ശരിക്കും വേണ്ടത് കാര്യങ്ങൾ കണ്ട്, ആരാഞ്ഞ് മനസിലാക്കുന്ന തരത്തിലുള്ള അറിവാണ്. കൂടാതെ എങ്ങിനെയാണ് ഈ വ്യവസ്ഥ നിലനിൽക്കുന്നത്. ഈ പ്രശ്നമുണ്ടാകാൻ നിലവിൽ എന്ത് കാരണമാണ് വ്യവസ്ഥയിൽ ഉള്ളത് എന്നെല്ലാം അറിയേണ്ടതും അത്യാവശ്യമാണ്. ഇത് സൈദ്ധാന്തികമായി മാത്രം നിൽക്കുന്ന അറിവല്ല.

സാമൂഹിക ജീവിതത്തെ സൂക്ഷിച്ച് നോക്കിയാൽ അതൊരു വ്യവസ്ഥയാണെന്ന് നമുക്കറിയാൻ കഴിയും. വ്യവസ്ഥ എന്ന് പറയുന്നതിൽ ആവർത്തനമാണുള്ളത്. അതിൽ ഒരു കാര്യം തന്നെ പിന്നെയും പിന്നെയും ചെയ്തുകൊണ്ടിരിക്കുന്നു. ചെയ്യാൻ വേണ്ടി ആളുകൾ വന്നുകൊണ്ടിരിക്കുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഇടപെടൽ നിരന്തരം നടന്നുകൊണ്ടിരിക്കുമ്പോഴാണ് സ്ഥാപനം ഉണ്ടാകുന്നത്. ഈ സ്ഥാപനത്തിന് അല്ലെങ്കിൽ പ്രയോഗത്തിന് പ്രത്യേക ഉള്ളടക്കങ്ങൾ ഉണ്ട്. ഉദാഹരണത്തിന് മാർക്കറ്റ് ഒരു പ്രയോഗം ആണ്. ഭര

ണകൂടം, നീതിന്യായം, വിദ്യാഭ്യാസം, നിയമനിർമ്മാണസഭ ഇവയെല്ലാം സ്ഥാപനങ്ങൾ ആണ്. ഇത്തരം ഒരു പാട് പ്രയോഗങ്ങൾ സ്ഥാപനങ്ങളായി സമൂഹത്തിൽ കിടക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം വ്യവസ്ഥാപരമായിട്ടുള്ളതാണ്. ഉണ്ടാവുകയും പെട്ടെന്ന് ഇല്ലാതാവുകയും ചെയ്യുന്നതല്ല. തുടർന്നുകൊണ്ടിരിക്കുന്നതാണ്. ഇങ്ങിനെ തുടർന്നുകൊണ്ടിരിക്കുന്നതിനെയാണ് വ്യവസ്ഥ അല്ലെങ്കിൽ സമ്പ്രദായം എന്ന് പറയുന്നത്. ഈ സമ്പ്രദായത്തെ നിരന്തരമുള്ള നമ്മുടെ പ്രവർത്തനങ്ങൾകൊണ്ട് നമ്മൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മൾ തന്നെ നമ്മുടെ പ്രവർത്തനത്തിലൂടെ നിലനിർത്തുന്ന ഒന്നാണ് ഒരു വ്യവസ്ഥ. ഇത് ഒരേ സമയം സ്ഥിരവും മാറുന്നതുമാണ്. അതിന് ഒരു ഘടന ഉണ്ട്. അതേസമയം പ്രായോഗിക ജീവിതത്തിലൂടെ നമ്മൾ ആ ഘടനയെ പരിഷ്കരിച്ചുകൊണ്ടിരിക്കുന്നു. ഒരു പരിധിയ്ക്കപ്പുറത്തേക്ക് പോകാനാകില്ല എന്നതാണ് ഘടനയുടെ പ്രത്യേകത. അങ്ങിനെ പോകുമ്പോഴെല്ലാം ഭരണകൂടം കൃത്യമായി ഇടപെടുന്നു. അതേസമയം അതിൽ ഇടപെടുന്ന പ്രതികർത്താക്കൾ നിരന്തരം അതിനെ രൂപമാറ്റം ചെയ്തുകൊണ്ടിരിക്കുന്നു. ഈ സാമൂഹിക ഘടനയെ കുറിച്ച് മനസ്സിലാക്കുക എന്നത് ഒരു സൈദ്ധാന്തിക ജ്ഞാനമാണ്.

സാമൂഹിക വ്യവസ്ഥ മൊത്തത്തിൽ എങ്ങിനെയാണ് എന്ന അറിവ് സാമൂഹിക പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം എപ്പോഴാണ് പ്രധാനമാകുന്നത്? നമ്മൾ സമൂഹത്തിൽ വ്യവഹരിക്കുമ്പോൾ പല തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. രണ്ട് ആളുകൾ തമ്മിൽ വിനിമയം ചെയ്യുമ്പോൾ ഒരർത്ഥം കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. പക്ഷെ ഈ അർത്ഥത്തിന്റെ ഘടന നമ്മൾ കാണുന്നില്ല. പക്ഷെ അർത്ഥം കൈമാറുന്നുണ്ട്. അതുപോലെ സാധനങ്ങൾ കൈമാറുമ്പോൾ, സാധനങ്ങൾ എന്നത് വിഭവം ആണ്, ഈ വിഭവം പ്രത്യേക രീതിയിൽ സ്ഥാനീകരണം ചെയ്യപ്പെട്ടിട്ടുണ്ട്. കൈമാറുന്ന സമയത്ത് ഇത് നമ്മൾ കാണുന്നില്ല. ഇത് കാണുന്നത് സൈദ്ധാന്തികം ആണ്. ഈ വിധത്തിൽ സാധനങ്ങൾ കൈമാറുന്നിടത്ത് മേൽക്കോയ്മ സംഭവിക്കുന്നുണ്ട്. ഒരു സാധനം നിങ്ങൾ എടുക്കാനായി പോകുമ്പോൾ ആരെങ്കിലും അത് തടയുകയാണെങ്കിൽ അത് മേൽക്കോയ്മ ആണ്. ഇപ്രകാരം തടയാൻ അയാളെ അധികാരപ്പെടുത്തുന്ന മറ്റൊരു കാര്യമുണ്ട്. അതാണ് സാധൂകരണം അഥവാ ലെജിറ്റിമേഷൻ. ഇതൊന്നും നോക്കിയാൽ കാണുന്ന കാര്യമല്ല. അനുഭവത്തിൽ ഉള്ള ഒന്നിനെ വിശദീകരിക്കപ്പെടുമ്പോൾ മാത്രം അറിയാൻ കഴിയുന്നതാണ് ഈ ഘടന. നമ്മൾ പല വ്യവഹാരങ്ങളിലും ഏർപ്പെട്ടിരിക്കുമ്പോൾ അതിൽ അർത്ഥത്തിന്റെ ഒരു മണ്ഡലമുണ്ട്. വിഭവവുമായി ബന്ധപ്പെട്ട് ആർക്കെല്ലാം എന്തൊക്കെ എന്ന മേൽക്കോയ്മയുടെ ഘടനയും ഉണ്ട്. ഒരു പ്രശ്നം പരിഹരിക്കാനായി ഒരുങ്ങുമ്പോൾ എന്തുകൊണ്ടാണ് അത് പരിഹരിക്കാൻ കഴിയാത്തത് എന്നുള്ളത് ഈ അറിവിൽനിന്നും മനസ്സിലാക്കേണ്ടതാണ്.

ഏത് രീതിയിലുള്ള ശക്തി പ്രയോഗിച്ചാലും ഒരു കാര്യം നടപ്പാക്കണമെങ്കിൽ ഭരണകൂടത്തിന്റെ ശക്തി വേണം. ഉദാഹരണത്തിന് നിങ്ങൾ ഹിംസാത്മകമോ അഹിംസാത്മകമോ ആയ ശക്തി ഉപയോഗിച്ചെന്നിരിക്കട്ടെ. എന്തുതന്നെയായാലും ഭരണത്തിന്റെ ശക്തി ഉപയോഗിച്ച് നിങ്ങൾ ആവശ്യപ്പെടുന്ന കാര്യം പ്രാവർത്തികമാക്കാൻ നിങ്ങൾ ഭരണകൂടത്തിനു മേൽ സമ്മർദ്ദം ചെലുത്തുകയാണ്. സിവിൽ സമൂഹവും ഇതു തന്നെയാണ് ചെയ്യുന്നത്. പക്ഷെ അവർക്കുണ്ടാകുന്ന ഒരു പ്രശ്നം അവർ ഭരണകൂടത്തിനകത്തേക്ക് യുക്തി കടത്താൻ ശ്രമിക്കുകയാണ്. യുക്തി ശരിക്കും ഗവർമെണ്ടിന് ആവശ്യമില്ല. അത് യുക്തിയിൽ വിശ്വസിക്കാത്ത ഒരു പ്രതിഭാസമാണ്. യുക്തിഭദ്രമായിട്ടല്ല ഭരണകൂടം പ്രവർത്തിക്കുന്നത്. പല താത്പര്യങ്ങളുടേയും പല തരത്തിലുള്ള സമ്മർദ്ദങ്ങളുടേയും ഉന്തിലും തള്ളലിലുമാണ് ഒരു ഭരണകൂടം പ്രവർത്തിക്കുന്നത്. അക്രമം വരുമ്പോൾ അവർ പെട്ടെന്ന് പ്രതികരിക്കും. ഒന്നുകിൽ അടിച്ചമർത്തും. അല്ലെങ്കിൽ പെട്ടെന്ന് ഒരു നടപടിയിലേക്ക് നീങ്ങും. കോഫി അന്നൻ പറഞ്ഞതുപോലെ പൗരസമൂഹങ്ങൾ ഇന്ന് വലിയ സൂപ്പർ പവറാണ്. അത് സൂപ്പർ പവറാകുന്നത് അതിനു മുകളിലുള്ള സ്റ്റേറ്റ് എന്ന പവർ അതിനെ കേൾക്കുന്നതുകൊണ്ടാണ്. സ്റ്റേറ്റിന്റെ പവർ ശരിക്കും കോഏഴ്സീവ് പവറാണ്. കോഏഴ്സീവ് പവർ നിങ്ങളെ അടിച്ചമർത്തുകയോ സംരക്ഷിക്കുകയോ ചെയ്യുന്നില്ല. ജനങ്ങൾക്ക് ഉപ



വര : വി.എസ്. ഗിരീശൻ

കാരപ്രദമായ ഒരു വികസനപരിപാടി ഉണ്ടാകുമ്പോൾ അതിനെതിരെയുള്ള ശക്തികളെ തടുക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. അതേ സമയം മറ്റൊരു സന്ദർഭത്തിൽ ഭരണകൂടം നിങ്ങളെ അടിച്ചമർത്തുകയും ചെയ്യും.

മറ്റൊരു പ്രധാന അറിവ് സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടുന്നവർക്ക് അവരെക്കുറിച്ച് തന്നെയുള്ള അറിവാണ്. എങ്ങിനെയാണ് അവർ സ്വയം പ്രതിനിധാനം ചെയ്യുന്നത്? ഇത് വ്യക്തമാകേണ്ടതുണ്ട്. ഭാവിയിൽ സ്റ്റേറ്റിന്റെ ഭാഗമാകാനാണ് പ്രവർത്തിക്കുന്നതെങ്കിൽ നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടാകേണ്ട ആവശ്യമില്ല. അധികാരത്തിലെത്തിയാൽ മതി. അധികാരത്തിൽ വരുന്നവർക്ക് ആത്മജ്ഞാനമില്ലാതെ കഴിക്കാം. കുറെ ശക്തി ഉണ്ടാകുമ്പോൾ പിന്നെ സ്വയം അറിയേണ്ട ആവശ്യമില്ല. ശക്തി തന്നെ ഫലമുളവാക്കും .ദുർബലർക്കാണ് ആത്മജ്ഞാനത്തിന്റെ ആവശ്യം. ശക്തർ അവരുടെ കാര്യങ്ങൾ ബലമുപയോഗിച്ച് നടത്തും. സാമൂഹികപ്രവർത്തനത്തിൽ ഏർപ്പെടുന്നവർ താരമ്യേന ദുർബലരാണ്. സ്റ്റേറ്റിസ്റ്റ് കാഴ്ചപ്പാടിലുള്ള സാമൂഹിക പ്രവർത്തനമല്ല നിങ്ങൾ നടത്തുന്നതെങ്കിൽ നിങ്ങൾക്ക് ആത്മജ്ഞാനത്തിന്റെ ബാധ്യത ഏറെ ഏൽക്കേണ്ടതായി വരും. രാഷ്ട്രീയമുന്നേറ്റങ്ങൾ പലപ്പോഴും നേർക്കു നേരെയുള്ള ബലത്തിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. അല്ലെങ്കിൽ തന്ത്രങ്ങളുടെ അടിസ്ഥാനത്തിൽ. അതുകൊണ്ടു തന്നെ ജനപ്രതിനിധികൾ അധികാരത്തിലെത്തുമ്പോൾ അവർ തിരിക്കുന്ന സ്റ്റേറ്റുപോലും ജനകീയമല്ലാതായി മാറുന്നു. അതായത് ജനാധിപത്യത്തിൽ നിലനിൽക്കുന്ന സ്റ്റേറ്റുപോലും ജനകീയമല്ല. നിങ്ങളുടെ സാമൂഹികപ്രവർത്തനം ജനകീയമാണെന്ന് നിങ്ങൾ പറയുമ്പോൾ അതിന് വേണ്ട അറിവ് എന്തായിരിക്കും? അധികാരത്തിലേക്കില്ല എന്ന് തീരുമാനിക്കുകയാണെങ്കിൽ, അതിനെ വിമർശനാത്മകമായി നോക്കുകയും മറികടക്കാൻ ശ്രമിക്കുകയുമാണെങ്കിൽ നിങ്ങൾക്ക് ഏതുതരത്തിലുള്ള അറിവാണ് ആർജ്ജിക്കേണ്ടത് എന്നത് പ്രധാനമാണ്.

**നിങ്ങളുടെ സാമൂഹികപ്രവർത്തനം ജനകീയമാണെന്ന് നിങ്ങൾ പറയുമ്പോൾ അതിന് വേണ്ട അറിവ് എന്തായിരിക്കും? അധികാരത്തിലേക്കില്ല എന്ന് തീരുമാനിക്കുകയാണെങ്കിൽ, അതിനെ വിമർശനാത്മകമായി നോക്കുകയും മറികടക്കാൻ ശ്രമിക്കുകയുമാണെങ്കിൽ നിങ്ങൾക്ക് ഏതുതരത്തിലുള്ള അറിവാണ് ആർജ്ജിക്കേണ്ടത് എന്നത് പ്രധാനമാണ്.**

അറിവില്ലാതെയൊരു കാര്യം ചെയ്യുകയാണെങ്കിൽ നിങ്ങളുടെ മനഃസ്ഥിതി വ്യത്യസ്തമായിരിക്കും. അത്തരമൊരു രീതി നിരുത്തരവാദപരമായ സ്റ്റേറ്റിന്റേതായിരിക്കും. ഒരു പ്രത്യേക പ്രദേശത്ത് ഒരു സാമൂഹികപ്രശ്നം അല്ലെങ്കിൽ സാമ്പത്തികമായ പ്രശ്നമുണ്ടായെന്നു വക്കുക. അപ്പോൾ ബാധിക്കപ്പെട്ടവർക്ക് എന്തുകൊണ്ട് പ്രശ്നമുണ്ടായി എന്നറിയേണ്ടേ? അവർ തന്നെ അത് അറിയണം. അതാണ് അറിവ് എന്നു പറഞ്ഞത്.

നിങ്ങൾ ഒരു പ്രശ്നത്തോട് അടുക്കുമ്പോൾ നിങ്ങൾക്ക് ഇത് അറിയാതിരിക്കാൻ കഴിയില്ല. അത് ചിലപ്പോൾ നിർണ്ണയിക്കപ്പെടുന്നത് അമേരിക്കയിലായിരിക്കും. അല്ലെങ്കിൽ ഗവൺമെന്റിന്റെ നയങ്ങളിലേക്ക് നിങ്ങളെ കൊണ്ടുപോകും നീതിന്യായവ്യവസ്ഥയിലേക്ക് ചുണ്ടാം. അപ്പോഴാണ് വ്യവസ്ഥ അറിയേണ്ടിവരുന്നത്. അതുകൊണ്ട് അറിവിനെ ലളിതവത്ക്കരിക്കാൻ കഴിയില്ല. ഇപ്പോൾ സിവിൽ സമൂഹ പ്രസ്ഥാനങ്ങളുടെ ഭാഗമായ നിങ്ങൾ പ്രശ്നങ്ങളിൽ ഇടപെടുന്നത് എന്തിനാണ്? ബാധിക്കപ്പെട്ടവർക്ക് പിന്തുണ നല്കാൻ മാത്രമല്ല; നിങ്ങൾക്ക് ആ പ്രശ്നത്തെ കുറിച്ച് അനുഭവജ്ഞാനം ഉണ്ടാകാം, അതുമായി ബന്ധപ്പെട്ട പ്രയോഗങ്ങൾ, പൊതുമണ്ഡലങ്ങൾ എന്നിവയെക്കുറിച്ചെല്ലാമുള്ള അറിവിന്റെ ഒരു പാക്കേജുമായാണ് നിങ്ങൾ അവരുടെയടുത്തേക്കു പോകുന്നത്. ആ രീതിയിൽ അവരെ പിൻതുണയ്ക്കാൻ' പോകുമ്പോൾ നിങ്ങൾ ആർജ്ജിച്ച അറിവ് എത്രത്തോളം പര്യാപ്തമാണ് എന്ന ചോദ്യം വരും. സ്റ്റേറ്റും കോടതിയും നിങ്ങൾ പറയുന്നത് അവഗണിക്കുകയാണെങ്കിൽ നിങ്ങൾക്ക് പൊതുസമൂഹത്തോട് അതു പറയേണ്ടതായി വരും. അതിനു നിങ്ങൾ സജ്ജമാകേണ്ടതായുണ്ട്. അതിനെയാണ് ഞാൻ അറിവ് എന്നു പറഞ്ഞത്. ഈ അറിവ് രണ്ടു തരത്തിലുണ്ട്. ഒന്നു പ്രശ്നത്തിന്റെ വിശദാംശങ്ങൾ അറിയുക, പിന്നെ എന്തു വ്യവസ്ഥയ്ക്കുള്ളിലാണ് നടക്കുന്നത് എന്നറിയുക. വ്യവസ്ഥയെ കുറിച്ചുള്ള അറിവില്ലാത്തതുകൊണ്ടാണ് പലപ്പോഴും പല പ്രശ്നങ്ങളും പരിഹരിക്കപ്പെടാത്തത്. അത് സാമ്പ്രദായികമായ അറിവ് ആണ്, സൈദ്ധാന്തികമാണ്. അത് വേണമോ വേണ്ടയോ എന്നുള്ളത് സാമൂഹിക പ്രവർത്തകർ തീരുമാനിക്കേണ്ടതാണ്. അത്തരം അറിവ് ഒഴിവാക്കുന്ന ആളുകൾ വളരെ മിലിറ്റന്റ് ആയ ആളുകളായിരിക്കും. ബലം ചെലുത്താനും തങ്ങളുടെ പരിപാടി നടപ്പാക്കാനും കഴിവുള്ള ആളുകളായിരിക്കും. ജനായത്തവ്യവസ്ഥയിൽ അത്തരം സാമൂഹികപ്രവർത്തനം അയുക്തമാണ്. ഇന്നത്തെ സമൂഹം കൂടുതൽ ജനാധികാരപരമാകുന്നതോടെ അറിവിന്റെ ഉത്തരവാദിത്വം കൂടുകയാണ്. ഭരിക്കുന്ന ആളുകളും വ്യവസ്ഥകൾ കൂടുതൽ അറിയേണ്ടതായിരിക്കുന്നു. രാഷ്ട്രീയ പാർട്ടിയിലുള്ള ആളുകളിൽ അറിവിന്റെ ബാധ്യത വളരെയധികം കൂടിയിരിക്കുന്നു. ഒരു സമഗ്രാധിപത്യവ്യവസ്ഥയിൽ ജനങ്ങളെ അടിച്ചിരുത്തി കാര്യങ്ങൾ ചെയ്യിക്കാം. പക്ഷേ, ഡെമോക്രാറ്റിക് ആകുന്നതോടെ അത് സാദ്ധ്യമല്ലാതെയാകുന്നു.

സാമൂഹിക പ്രവർത്തകർക്ക് അറിവുണ്ടായേ തീരൂ എന്നതാണ് ഇന്നത്തെ അവസ്ഥ. കാരണം കോർപ്പറേറ്റുകൾക്ക് അറിയാം. അവർ കൂടുതൽ അറിയാവുന്ന നിലയിലാണ്.

ഒരു വ്യവസ്ഥയെങ്ങിനെയാണുണ്ടാകുന്നതെന്ന് കോർപ്പറേറ്റ് ബോഡിക്ക് തൊട്ടറിവുണ്ട്. ഉദാഹരണത്തിന് മുകേഷ് അംബാനിക്ക് ഇവിടുത്തെ എക്കണോമി എങ്ങിനെയാണ് നടക്കുന്നതെന്ന് ഒരു രാഷ്ട്രീയ പ്രവർത്തകനേക്കാൾ നന്നായി അറിയാം. കാരണം അയാൾ അതിനെ നിയന്ത്രിക്കുന്നയാളാണ്. അറിഞ്ഞില്ലെങ്കിൽ നിയന്ത്രിക്കാൻ കഴിയില്ല. അയാൾ ഈ ഘടനയെ തൊട്ടുകളിക്കുന്നയാളാണ്. എത്ര നിങ്ങൾ അകന്നു നില്ക്കുന്നോ അത്രത്തോളം നിങ്ങൾക്കതുമായി ബന്ധമില്ല. അപ്പോൾ ആ അറിവുണ്ടാക്കാനുള്ള ഉത്തരവാദിത്വം സാമൂഹിക പ്രവർത്തകർക്ക് വേണമോ വേണ്ടയോ എന്നതാണ് ചോദ്യം. വേണ്ട എന്നു പറഞ്ഞാൽ അതു നിങ്ങളെ തന്നെ പരാജയപ്പെടുത്തും. കാരണം അപ്പോൾ നിങ്ങൾക്ക് പ്രശ്നത്തെ തിരിച്ചറിയാൻ കഴിയില്ല. സമരത്തെ ലക്ഷ്യപ്രാപ്തിയോടെ നയിക്കാൻ പറ്റില്ല. അറിവിന്റെ കാര്യത്തിൽ സ്റ്റേറ്റിസ്റ്റ് നിലപാടെടുക്കണോ അതോ അതിനു ബദലായ മറ്റു നിലപാടെടുക്കണോ എന്നതാണ് ഞാനിവിടെ ഉന്നയിച്ച ചോദ്യങ്ങൾ.

സ്റ്റേറ്റ് അല്ലെങ്കിൽ സ്റ്റേറ്റിന്റെ അധികാരം എന്നത് അടിച്ചമർത്താൻ മാത്രമല്ല. ഒരു കാര്യം ചെയ്യാൻ വേണ്ടി ചുമതലപ്പെടുത്തപ്പെടുന്നതാണ് സ്റ്റേറ്റ്. സ്റ്റേറ്റ് എന്നു പറയുമ്പോൾ ഭരണകൂടത്തിലേക്കൊന്നും പോകേണ്ട ആവശ്യമില്ല. ഒരു പ്രയോഗം പ്രത്യേക രീതിയിൽ ക്രമീകരിച്ച് ഒരു ഉൽപ്പന്നം തയ്യാറാക്കണം അല്ലെങ്കിൽ കൈമാറ്റം ചെയ്യണം എന്ന തരത്തിലുള്ള നിയമങ്ങൾ ആണ് ആ സ്ഥാപനം. ഒരു സാമൂഹിക ക്രമീകരണത്തിന് മാററം വേണമെന്ന് വിചാരിക്കുകയാണെങ്കിൽ ആരാണ് ചെയ്യുന്നത്? അത് ചെയ്യാൻ വേണ്ടി ചുമതലപ്പെടുത്തപ്പെട്ട സ്ഥാപനമാണ് സ്റ്റേറ്റ് എന്നു പറയുന്നത്. ഒരു കുടുംബത്തിനകത്തു പോലും സ്റ്റേറ്റുണ്ട്. കോർപ്പറേറ്റുകളും സ്റ്റേറ്റ് ആണ്. സാമൂഹികമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ സ്റ്റേറ്റിനുള്ള ശക്തി കോർപറേറ്റുകളിലേക്ക് പോകുമ്പോഴാണ് സ്റ്റേറ്റ് ദുർബലമാകുന്നത്. ജനാധിപത്യത്തിൽ സ്റ്റേറ്റിനുള്ളത് ഡെലിഗേറ്റഡ് പവർ ആണ്. സമഗ്രാധിപത്യസമ്പ്രദായത്തിൽ അത് ആരും ഡെലിഗേറ്റ് ചെയ്യുന്നതല്ല, അവർ സ്വന്തമായി എടുക്കുന്നതാണ്.

അറിവിന് പരിമിതിയുണ്ട്. അറിവുകൊണ്ട് ആരെയും രക്ഷിക്കാൻ കഴിയില്ല. പക്ഷെ, രക്ഷപ്പെടുത്താനുള്ള യജ്ഞത്തിൽ സഹായിക്കാൻ സാധിക്കും. അറിവ് എവിടെയാണ് ഫലപ്രദമായി മാറുന്നത്? അത്തരം സാഹചര്യങ്ങളിൽ എന്തു ചെയ്യണം? അത് ഓരോരുത്തരും തീരുമാനിക്കണം. പലപ്പോഴും അറിവ് മാത്രമല്ല പ്രശ്നം പരിഹരിക്കാൻ ഭാവന കൂടി വേണ്ടിവരും. ഐൻസ്റ്റീൻ പറയുന്നത് അറിവിനേക്കാൾ പ്രധാനം ഭാവനയാണെന്നാണ്. ഒരു പ്രശ്നത്തെ അതിജീവിക്കുന്നതിൽ എല്ലാ അറിവും നിഷ്ഫലമായി പോവുകയാണെങ്കിൽ നിങ്ങളെ രക്ഷപ്പെടുത്തുന്നത് ഭാവനയായിരിക്കും.

(2008 ജൂലൈ 27ന് കാലടി സമീക്ഷയിൽ വെച്ച് നടന്ന എൻ. എ. പി. എം പ്രവർത്തക കൺവെഷണിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്.)

*തത്വശാസ്ത്രവിഭാഗം*
*ശ്രീശങ്കര സംസ്കൃത സർവ്വകലാശാല, കാലടി*

# കോളകൾക്കെതിരെ സർവ്വജന പ്രതിരോധം

## കർഷക മുന്നേറ്റം

പ്ലാച്ചിമടയിലെ സഹവാസി ജനത ഏഴു വർഷമായി രാജ്യദ്രോഹകോളകൾക്കെതിരെ പോരാട്ടം തുടരുകയാണ്. ദുരിതമനുഭവിക്കുന്ന ജനതയുടെ ഈ സഹനസമരത്തെ ഇത്രയും കാലമായിട്ടും ഒരു ജനാധിപത്യരാജ്യത്ത് ഭരണാധികാരികൾ എന്തുകൊണ്ട് ഗൗനിക്കുന്നില്ല. ഈ സമരം സംസ്ഥാനത്തിന് പുറത്തും , രാജ്യത്തിന് പുറത്തും ചർച്ചചെയ്യപ്പെട്ടു. പക്ഷെ കേരളീയ പൊതുസമൂഹം ഇനിയും ഈ സമരത്തെ നെഞ്ചിലേറ്റിയിട്ടില്ല എന്നുവേണം കരുതുവാൻ.

കുറ്റം നമ്മുടെ ഓരോരുത്തരുടേതുമാണ്. പ്ലാച്ചിമടയിലേയും പരിസരത്തേയും ഗ്രാമീണരും വിരലിലെണ്ണാവുന്ന പൊതുപ്രവർത്തകരും കോളകൾക്കെതിരെയുള്ള ജനകീയപോരാട്ടത്തിനുവേണ്ടി കഴിഞ്ഞ ഏഴുവർഷമായി സഹിക്കുന്ന കഷ്ടതകളുടെ ഒരു ശതമാനംപോലും ആത്മാർത്ഥ നമ്മിൽ പലരും കാണിച്ചിട്ടില്ല. യാത്രാമദ്ധ്യേ ഒരു സമരപ്പന്തൽ സന്ദർശനം; മാധ്യമമോഹങ്ങളാൽ ആത്മാവറിയാതെ ഏതാനും വാക്കുകൾ; വോട്ടുമോഹത്താൽ കുറെ അധരവ്യായമം. അല്ലെഹ്കിൽ വാർഷിക മേളകളിൽ വിളിച്ച് എഴുന്നെള്ളിച്ചതിന് പ്രത്യുപകാരമായി കുറച്ച് കോളവിരുദ്ധ വാഗ്പിണ്ഡങ്ങൾ. ചിലർ സമരസ്തുതികൾ രചിച്ച് ആനുകാലികങ്ങളിൽ ആളാകുന്നു. ഇതിനപ്പുറം എന്ത് ഐക്യദാർഢ്യമാണ് മലയാളി സമൂഹത്തിന്റെ നേതൃപദവിയിലുള്ളവർ പ്ലാച്ചിമടസമരത്തിന് നൽകിയിട്ടുള്ളത്. സത്യസന്ധമായി പരിശോധിച്ചാൽ കുറ്റബോധത്തോടെ പലർക്കും ശിരസ്സ് കുനിക്കേണ്ടിവരും.

2008 ഒക്ടോബർ 9ന് പാലക്കാട് ആരംഭിക്കുന്ന കോള ബഹിഷ്ക്കരണ പരിപാടികളിൽ എല്ലാ കർഷക സുഹൃത്തുക്കളും പങ്കെടുക്കണം.

കോള ബഹിഷ്ക്കരണത്തിലെ കർഷക താല്പര്യം!

കോളകൾ കുടിച്ചാൽ യാതൊരു നേട്ടങ്ങളുമില്ല. എന്നാൽ ദ്രോഹങ്ങൾ നിരവധിയുണ്ട്. പക്ഷെ കോളയ്ക്കുപകരം , ഇളനീർ, മാമ്പച്ചാർ, കരിമ്പിൻ നീര്, സംഭാരം, ചുക്കുകാപ്പി തുടങ്ങിയ നമ്മുടെ നാട്ടുപാനീയങ്ങൾ കുടിക്കുകയാണെങ്കിൽ ആരോഗ്യത്തിന് അത്യുത്തമമാണെന്ന് മാത്രമല്ല, ലക്ഷക്കണക്കിന് കർഷകർക്ക് ഗുണകരമാവുകയും ചെയ്യും. കോള വിറ്റ് വിദേശികൾ കടത്തികൊണ്ടുപോകുന്ന കോടിക്കണക്കിന് രൂപ നമ്മുടെ നാട്ടിൽ തന്നെ വിനിമയം ചെയ്യപ്പെടും. ആയിരക്കണക്കിന് തൊഴിലവസരങ്ങൾ ഉണ്ടാകും.

പത്തിലധികം നാട്ടുപാനീയങ്ങൾ വിൽക്കുന്ന പാനീയശാലകൾ കേരളത്തിലെങ്ങും ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി എഴുതുക.

**'കർഷകമുന്നേറ്റം' പ്രകാശിപ്പിച്ചു**

മുരിയാട് കർഷക സമരപോരാളികളുടെ കർഷകമുന്നേറ്റം ദ്വൈവാരിക ഇരിങ്ങാലക്കുടയിൽ പുറത്തിറങ്ങി. വില 10രൂപ



**'കർഷക നെഞ്ചകം' - പാട്ടുകൾ**

മുരിയാട് കർഷക സമരവേദിയിൽ നിന്നും മറ്റൊരു ചരിത്ര സാക്ഷ്യം – ഗാനോപഹാരം. കർഷകമുന്നേറ്റവും കമലം ഓഡിയോസും ചേർന്ന് പുറത്തിറക്കി. വില 50 രൂപ.

കർഷക മുന്നേറ്റം, ഇരിങ്ങാലക്കുട, തൃശൂർ 680 121, ഫോൺ: 9495169930, E-mail : editorkarshaka@gmail.com